

26-11-2021

FRIDAY വെള്ളിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T

**Farm Information Bureau, Kowdiar, Thiruvananhapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -26/11/2021

1. കൊല്ലം കരിക്കോട് ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിലെ എൻഎസ്എസ് വോളണ്ടിയർമാരുടെ നെൽവയലിൽ ഞാറുപറിച്ചു നടുന്നതിന്റെ ഉദ്ഘാടനം ഇന്ന് (26.11.2021) രാവിലെ 8 മണിക്ക് കൃഷിമന്ത്രി പി. പ്രസാദ് നിർവഹിക്കും. തടുർന്ന് ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജ് സിമ്പോസിയം ഉദ്ഘാടനം, പദ്ധതി അധിഷ്ഠിത പച്ചക്കറി കൃഷിയുടെ ഉദ്ഘാടനം, കൊറ്റംകര പഞ്ചായത്ത് ഭാരതീയ പ്രാകൃതിക് കൃഷി പദ്ധതിയുടെ ഉദ്ഘാടനം എന്നിവയും കൃഷിമന്ത്രി പി. പ്രസാദ് നിർവഹിക്കുന്നതാണ്.

2. കൊല്ലം ജില്ലയിലെ തൃക്കരുവ പഞ്ചായത്തിലെ കേരഗ്രാമം പദ്ധതിയുടെ ഉദ്ഘാടനം ഇന്ന് (26-11-21) വൈകിട്ട് 4.30-ന് കാഞ്ഞാവെളി പ്രതിഭാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബിൽ കൊല്ലം എം.എൽ.എ മുകേഷിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും. കൊല്ലം എം.പി എൻ.കെ. പ്രേമചന്ദ്രൻ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും.

3. ഒക്ടോബർ , നവംബർ മാസങ്ങളിൽ ഉണ്ടായ കനത്ത മഴയിലും മണ്ണിടിച്ചിലിലും കൃഷിനാശം സംഭവിച്ച കർഷകർക്ക് AIMS പോർട്ടലിലൂടെ ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി നവംബർ 30 വരെ നീട്ടിയിട്ടുണ്ട്. കർഷകർക്ക് സ്വന്തമായി www.aims.kerala.gov.in എന്ന ഓൺലൈൻ വെബ് പോർട്ടൽ വഴിയോ, അക്ഷയകേന്ദ്രങ്ങൾ വഴിയോ, കൃഷിഭവൻ മുഖേനയോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

4. മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരം ജില്ലയിലെ ചെറ്റച്ചൽ ജഴ്സിഫാം എക്സ്റ്റൻഷൻ യൂണിറ്റിലെ 15 പശുക്കളെയും 1 ആടിനേയും നാളെ (27.11.2021) രാവിലെ 11 മണിയ്ക്ക് ഫാം ഓഫീസ് പരിസരത്ത് വച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് 11 മണിയ്ക്ക് മുൻപായി 4000/- രൂപ നിരതദ്രവ്യമടച്ച് പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9745545344** എന്ന ഫോൺ നമ്പരിലോ jfeu.ahd@kerala.gov.in എന്ന മെയിലിലോ പ്രവൃത്തി സമയങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.

5. കർഷകരിലേക്ക് ലോക മണ്ണു ദിനത്തിന്റെ (ഡിസംബർ 5) പ്രാധാന്യവും സന്ദേശവും എത്തിക്കുന്നതിനായി കോഴിക്കോട് ജില്ലാ മണ്ണു പരിശോധനാ ലബോറട്ടറിയുടെ നേതൃത്വത്തിൽ 2021 ഡിസം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബർ 10 മുതൽ 20 വരെ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും പ്രവൃത്തിസമയങ്ങളിൽ ലാബ് സന്ദർശിക്കാനും സംശയ നിവാരണത്തിനും അവസരമൊരുക്കുന്നു. അതോടൊപ്പം ജില്ലയിലെ കർഷകർക്കായി ലോകമണ്ണു ദിനം പ്രമാണിച്ച് " **മണ്ണ്**" എന്ന വിഷയത്തിൽ കവിതാരചന മത്സരം സംഘടിപ്പിക്കുന്നു. **ഡിസംബർ 10-നു മുമ്പായി . അസിസ്റ്റന്റ് സോയിൽകെമിസ്റ്റ്, ജില്ലാമണ്ണു പരിശോധനാ കേന്ദ്രം, തിക്കോടി – (പി.ഒ) . കോഴിക്കോട് 673 529 (പിൻ)** എന്ന മേൽവിലാസത്തിൽ കവിതകൾ അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383471791** എന്ന ഫോൺ നമ്പരിലോ **ascdstlthikkoti@gmail.com** എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

6. കോഴിക്കോട് ഹോർട്ടികോർപ്പിന്റെ പുതിയ സ്റ്റാൾ പൊറ്റമ്മൽ കുതിരവട്ടം റോഡിൽ പ്രവർത്തനം ആരംഭിച്ചു. കർഷകരിൽ നിന്നും ഉയർന്ന വിലയ്ക്ക് സംഭരിക്കുന്ന നാടൻ പച്ചക്കറികൾ, പഴങ്ങൾ, മറുനാടൻ പച്ചക്കറികൾ ഹോർട്ടി കോർപ്പ് പുറത്തിറക്കുന്ന അഗ്മാർക്ക് അംഗീകാരമുള്ള അമൃത് ബ്രാന്റ് തേൻ എന്നിവ ന്യായ വിലക്ക് പൊതുജനങ്ങൾക്ക് ലഭിക്കുന്നതാണ്. സ്റ്റാൾ പ്രവർത്തനസമയം രാവിലെ 10 മുതൽ വൈകിട്ട് 7 മണി വരെ ആയിരിക്കും. ഡിസംബർ ആദ്യ വാരത്തോടെ സ്റ്റാളിൽ നിന്നും ഹോം ഡെലിവറി ആരംഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9946872834, 8714144834** എന്നീ കസ്റ്റമർ കെയർ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

7. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ ഫാൻസി കോഴിക്കുഞ്ഞുങ്ങൾ 85 രൂപ നിരക്കിലും കടക്നാഥ് 35 രൂപ നിരക്കിലും തലശ്ശേരി, നേക്കഡ് നെക്ക് എന്നിവ 22 രൂപ നിരക്കിലും വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **0479-2452277** എന്ന നമ്പരിൽ ബന്ധപ്പെടുക.

8. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഗുണമേന്മയുള്ള കരിമീൻ കുഞ്ഞുങ്ങൾ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കും ബുക്കിംഗിനുമായി **8281757450, 9995874050 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.**

9. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കുടപ്പനക്കുന്ന് ബ്രോയിലർ ബ്രീഡർ ഫാമിലെ മുട്ടയുൽപ്പാദനം കഴിഞ്ഞതും ഏകദേശം 4.5 കിലോ ഭാരമുള്ളതുമായ മാതൃപിതൃ ശേഖരത്തിൽപ്പെട്ട രണ്ടായിരത്തിൽപ്പരം കോഴികളെ സ്റ്റോക്കു തീരുന്നതുവരെ രാവിലെ 9 മണി മുതൽ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വൈകുന്നേരം 4 മണി വരെ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ടെന്ന് മാനേജിംഗ് ഡയറക്ടർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **0471–2478585, 9495000931** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**പരിശീലന പരിപാടികൾ**

10. കോഴിക്കോട് ജില്ലയിൽ 2021-22 ക്വാളിറ്റി കൺട്രോൾ പദ്ധതിയുടെ ഭാഗമായി **ചെറുകിട വളം, കീടനാശിനി ഡിലർമാർക്ക്** ജില്ലാ തലത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. തിക്കോടി , വടകര, പേരാമ്പ്ര, തോടന്നൂർ, തൂണേരി, കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ വരുന്ന ഡീലർമാർക്ക് ഈ മാസം **29**-ന് (29/11/2021) രാവിലെ 10.30 നും, കോഴിക്കോട്, കാക്കൂർ, കുന്നമംഗലം, കൊടുവള്ളി, കൊയിലാണ്ടി, ബാലുശ്ശേരി എന്നീ ബ്ലോക്കുകൾക്ക് അന്നേ ദിവസം 2 മണിക്കും നഗര കാർഷിക മൊത്ത വിപണന കേന്ദ്രം, വേങ്ങേരിയിലെ വീഡിയോ കോൺഫറൻസ് ഹാളിൽ വച്ച് പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ എല്ലാ ഡീലർമാരും പങ്കെടുക്കണമെന്ന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു.

11. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 29-ന് പോത്ത് വളർത്തൽ എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

12. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, ഡിസംബർ മാസത്തിൽ കാടക്കോഴി വളർത്തൽ, തീറ്റപ്പുൽകൃഷിയും സൈലേജ് നിർമ്മാണവും, കറവപ്പശു വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ 0494 296 2296, 8089293728 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**കാർഷിക നിർദ്ദേശങ്ങൾ**

13. ചെടികളിൽ കാണപ്പെടുന്ന വെളുത്ത പഞ്ഞി പോലെയുള്ള മീലിമുട്ട, പരന്ന ആകൃതിയിലുള്ള ശല്ക്ക കീടങ്ങൾ എന്നിവയെ ജൈവികമായി നിയന്ത്രിക്കുന്നതിന് **ലെക്കാനിസീലിയം** എന്ന ജൈവകുമിൾ നാശിനിയും ഇലതീനിപ്പുഴുക്കൾക്കെതിരെ **ബ്യൂവേറിയ ബാസിയാന** എന്ന കുമിൾ നാശിനിയും, 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ച് കൊടുക്കണം.